**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **08-06-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷ കാലയളവുകളിൽ ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | (എ) (a) പാലങ്ങൾ 2017-18 ബഡ്ജറ്റിൽ ആലത്തൂർ മണ്ഡലത്തിൽ കിഴക്കഞ്ചേരി - മമ്പാട് ചപ്പാത്തി പാലം പുനർ നിർമ്മിക്കുന്നതിന് (പുന്നപ്പാടം- മമ്പാട് കോസ് വേ) 20% തുക വകയിരുത്തി 660 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നു. 2016-17, 2018-19,2019-20, 2020-21 കാലയളവിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. (b) റോഡ് ആലത്തൂർ മണ്ഡലത്തിൽ മേൽ കാലയളവിൽ 2017-18 വർഷം ഭരണാനുമതി ലഭ്യമായ റോഡുകൾ ചുവടെ ചേർക്കുന്നു. 1. Improvements to Kulavanmokku – Kuthanur km 0/000 to 6/800 (0/000 -3/500 – Alathur LAC) & Kuthanur – Tholanur road at - 0/000 to 6/200 BM & BC. 2. Budget Reply Speech 2017-2018 (20% provision) Alathur Bypass 0/000 to 1/250 3. Improvements to Punnamkulam Pullupara Puthukode road km 0/000 to 3/200 & 0/000 to 1/100 2019-20 വർഷം ഭരണാനുമതി ലഭ്യമായ റോഡ് 1. Improvements & providing BM & BC. to Anakkappara Mudappallur road at ch km - 0/000 to 4/000 ( 2/000 to 4/000-Alathur LAC) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കെല്ലാം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 2016-17,2018-19,2020-21 വർഷങ്ങളിൽ ഭരണാനുമതി ലഭ്യമായ റോഡുകൾ ഒന്നും തന്നെ ഇല്ല. കെട്ടിടം:- 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷക്കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 20 ശതമാനം തുക വകയിരുത്തി ഭരണാനുമതി നൽകിയ കെട്ടിടങ്ങൾ ഒന്നും ഇല്ല. ജലസേചനം:- 2016-17,2017-18,2018-19,2019-20,2020-21 വർഷക്കാലയളവിൽ |

| | | | |
|---|---|---|---|
| | | | ആലത്തൂർ മണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ 20% വകയിരുത്തിയ ജലസേചന പദ്ധതികളൊന്നും ഇല്ല. |
| (ബി) | അവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റിനാണ് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | (ബി) ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തുന്ന പ്രവർത്തികൾക്ക് വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഭരണാനുമതി നല്കാറുള്ളത്. |
| (സി) | ഇതിനകം ഭരണാനുമതി ലഭിക്കാത്ത ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാനായി ധനകാര്യ വകുപ്പിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | (സി) ഇതിനകം ഭരണാനുമതി ലഭിക്കാത്ത പ്രവർത്തികൾക്ക് ഭരണവകുപ്പ് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ